## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 3257 | 14.03.2018 ൽ മറുപടിയ്ക്ക്

### ജയിൽ വകുപ്പിനോട് ആഭ്യന്തര വകുപ്പിന്റെ ചിറ്റമ്മനയം

| ചോദ്യം<br>ശ്രീ. എ.പി. അനിൽകുമാർ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിൽ വകുപ്പിനോട് ആഭ്യന്തര വകുപ്പ് ചിറ്റമ്മനയമാണ് പുലർത്തുന്നതെന്ന ജയിൽ മേധാവിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിനാധാരമായ വസ്തുതകൾ എന്തൊക്കെയാണ് ; വ്യക്തമാക്കാമോ ; | (ബി) | ഇക്കാര്യത്തിലുള്ള ജയിൽ വകുപ്പ് മേധാവിയുടെ വിശദീകരണം പരിശോധിച്ചു വരികയാണ്. |
| (സി) | ജയിലുകളിൽ ഉൾക്കൊള്ളുവാൻ കഴിയുന്നതിനേക്കാൾ അധികം തടവുകാരെ സംസ്ഥാനത്തെ ജയിലുകളിൽ പാർപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (സി) | ഉണ്ട്. സംസ്ഥാനത്തെ ജയിലുകളിൽ 6217 തടവുകാരെ പാർപ്പിക്കാനുള്ള ശേഷിയാണുള്ളത്. എന്നാൽ നിലവിൽ 8031 തടവുകാരെ പാർപ്പിക്കുന്നുണ്ട്. |
| (ഡി) | തടവുകാരുടെ എണ്ണം കൂടിയ സാഹചര്യത്തിൽ അവർക്ക് കൂടുതലായി പരോൾ അനുവദിക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പുതുതായി ജയിലുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണ്; വ്യക്തമാക്കാമോ ? | (ഇ) | പെരിയ, ഇടുക്കി (തുറന്ന ജയിൽ), നാദാപുരം, താമരശ്ശേരി, സുൽത്താൻബത്തേരി, മണ്ണാർക്കാട്, എരുമപ്പെട്ടി, അടൂർ, കോന്നി, കരുനാഗപ്പള്ളി, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ പുതുതായി ജയിലുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരികയാണ്. തളിപ്പറമ്പ്, കൂത്ത്പറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ജയിലുകൾ സ്ഥാപിക്കുന്നതിന് ജയിൽ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ